പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1837 01.11.2019-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സിയിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി യിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടോ; ഇതിലൂടെ സാമ്പത്തിക മെച്ചം ഉണ്ടായിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ഡബിൾ ഡ്യൂട്ടി സമ്പ്രദായം പടിപടിയായി നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്. ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. ഇതിലൂടെ മാനവവിഭവശേഷി കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജീവനക്കാരുടെ അഭാവം മൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്ന പ്രവണത വലിയ അളവ് വരെ കുറയ്ക്കുന്നതിനും സാമ്പത്തിക മെച്ചം ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രതിദിന അലവൻസ് ഉൾപ്പെടെ എത്ര ചെലവ് കുറയ്ക്കാൻ പ്രസ്തുത പരിഷ്കരണത്തിലൂടെ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നിലവിൽ വന്നതിന് മുമ്പുള്ള മാസത്തെയും നിലവിൽ വന്നതിനു ശേഷമുള്ള മാസത്തെയും കണക്കുകൾ താരതമ്യം ചെയ്താൽ അലവൻസ്, സറണ്ടർ എന്നിവയുൾപ്പടെയുള്ള ചെലവിനത്തിൽ ഏകദേശം 2 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**